**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3616** **08-10-2025 - ൽ മറുപടിയ്ക്ക്**

**മുണ്ടക്കൈ - ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിലെ മുണ്ടക്കൈ -ചൂരൽമല ദുരന്തബാധിതർക്ക് 7 സെന്റ് ഭൂമിയിൽ വീട് നിർമ്മിച്ച് നൽകുന്ന പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | 2025 ഒക്ടോബർ 03 വരെയുള്ള വയനാട് ടൗൺഷിപ്പ് പദ്ധതിയുടെ പുരോഗതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• ആകെ വീടുകളുടെ എണ്ണം - 410<br>• ഒരു വീടിന്റെ വിസ്തീർണ്ണം - 1000 ചതുരശ്ര അടി<br>• 276 വീടുകളുടെ അടിത്തറയ്ക്കുള്ള മണ്ണ് നീക്കം ചെയ്യുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ട്.<br>• 190 വീടുകളുടെ അടിത്തറയ്ക്കുള്ള പ്ലെയിൻ സിമെന്റ് കോൺക്രീറ്റ് പൂർത്തിയായി.<br>• 153 വീടുകളുടെ ഫുട്ടിംഗ് റീ-ഇൻഫോഴ്സ്ഡ് കോൺക്രീറ്റ് പൂർത്തിയായി.<br>• 88 വീടുകളുടെ റീ-ഇൻഫോഴ്സ്ഡ് സിമെന്റ് സ്റ്റമ്പ് കോളം പൂർത്തിയായി.<br>• 10 വീടുകളുടെ കംപ്ലീറ്റ് റീ-ഇൻഫോഴ്സ്ഡ് കോളം പൂർത്തിയായി.<br>• 7 വീടുകളുടെ റൂഫ് റീ-ഇൻഫോഴ്സ്ഡ് സിമെന്റ് കോൺക്രീറ്റ് സ്ലാബ് പൂർത്തിയായി.<br>• 4 വീടുകളുടെ ബ്ലോക്ക് വർക്ക് പൂർത്തിയായി.<br>• റോഡ് പണിയുടെ ഫോർമേഷൻ കട്ടിംഗ് ആരംഭിച്ചു. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ദുരന്തബാധിത കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | DM ACT പ്രകാരം എൽസ്റ്റൺ എസ്റ്റേറ്റിൽ 64.4705 ഹെക്ടർ ഭൂമി ടൗൺഷിപ്പിന് വേണ്ടി സർക്കാർ ഏറ്റെടുക്കുകയും 7 സെന്റ് വീതമുള്ള പ്ലോട്ടുകളായി തിരിക്കുകയും വീടുകളുടെ പണി പുരോഗമിച്ച് വരികയുമാണ്. ഈ ഭൂമി നിലവിൽ ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടില്ല. വീടുകളുടെ പണി പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് അനുവദിക്കുന്ന മുറയ്ക്ക് കേരളാ മുനിസിപ്പൽ ലാന്റ് |

| | | | |
|---|---|---|---|
| | | | അസൈൻമെന്റ് ആക്ട് 1995 പ്രകാരം പതിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പുനരധിവാസ കുടുംബങ്ങൾക്ക് കുടിവെള്ളം, വൈദ്യുതി, റോഡ്, ശുചിത്വ സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കുന്നതിനായി സ്വീകരിച്ചിരിക്കുന്ന മുന്നൊരുക്കങ്ങൾ വിശദമാക്കാമോ? | (സി) | കുടിവെള്ള വിതരണം, വൈദ്യുതി, റോഡുകൾ, മലിനജല സംസ്കരണം, ഖരമാലിന്യ സംസ്കരണം എന്നിവ ടൗൺഷിപ്പ് പ്രോജക്ടിന്റെ അവിഭാജ്യഘടകമാണ്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ഈ സേവനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും സംയോജിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും EPC കരാറുകാരനും ബന്ധപ്പെട്ട സർക്കാർ വകുപ്പുകളും ഇതിനകം തന്നെ യോജിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ